# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 10, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 311)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1 മുതൽ 109 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 110 മുതൽ 167 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | 168 മുതൽ 276 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 277 മുതൽ 311 വരെ |

## ഗവർണ്ണറുടെ നയപ്രഖ്യാപനങ്ങളിൽ നടപ്പിലാക്കിയവ

1 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവർണ്ണറുടെ 2012, 2013 വർഷങ്ങളിലെ നയപ്രഖ്യാപനങ്ങളിൽ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമെന്ന് വർഷം തിരിച്ച് വിവരിക്കാമോ;

(ബി) ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നത് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) 2012-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം എന്നും എത്ര തുക ചെലവഴിച്ച് പൂർത്തീകരിക്കപ്പെട്ടുവെന്നും വിശദീകരിക്കുമോ;

(ഡി) പ്രഖ്യാപനങ്ങൾ അനുസരിച്ച് നടപ്പാക്കാത്തത്/പൂർത്തീകരിക്കാൻ കഴിയാത്തത് ആയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ഭരണ മികവിന് അംഗീകാരം</u>

2 ശ്രീ. കെ. അച്ചുതൻ
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാന സർക്കാരിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെക്കാൾ കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

3 ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) ഈ പരിപാടി എവിടെയൊക്കെയാണ് നടന്നത് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്താക്കുമോ;

(സി) എത്ര പരാതികളിലാണ് ഈ പരിപാടിയിലൂടെ പരിഹാരം കണ്ടത് എന്ന് വിശദമാക്കുമോ;

(ഡി) എത്ര കോടി രൂപയുടെ ധനസഹായമാണ് സാധാരണ ജനങ്ങൾക്ക് അനുവദിച്ചത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ പ്രവർത്തനം വിലയിരുത്തൽ</u>

4 ശ്രീ.വർക്കല കഹാർ
'' ഹൈബി ഈഡൻ
'' എ. റ്റി. ജോർജ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ആദ്യഘട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എങ്കിൽ വിശദമാക്കുമോ:

(ബി) സംസ്ഥാനത്തിലെ പൗരൻമാർക്ക് അടിയന്തിര ആശ്വാസം നൽകുവാനും ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ഈ പരിപാടി എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പരിപാടിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാനും അതിനെ വിശകലനം ചെയ്തു കൊണ്ട് ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയ്ക്ക് യു.എൻ-ൽ നിന്നും ലഭിച്ച അവാർഡ്</u>

5 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും ജനസമ്പർക്ക പരിപാടിക്കും യു.എൻ. അവാർഡ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അവാർഡിന് തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) യു.എൻ-ന്റെ പരിശോധനയും വിലയിരുത്തലും വിശദമാക്കുമോ;

(ഡി) ഏതെല്ലാം രാജ്യങ്ങളെ പിന്തള്ളിയാണ് ഈ അവാർഡ് കരസ്ഥമാക്കിയത് എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടി</u>

6 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലത്ത് വച്ച് നടത്തിയ ജനസമ്പര്‍ക്ക പരിപാടിയില്‍ കൊല്ലം നിയോജക മണ്ഡലത്തിലെ മുതാക്കര സ്ലം ക്ലീയറന്‍സ് കോളനിയില്‍ താമസിക്കുന്ന പട്ടയം ലഭിക്കാനുള്ളവര്‍ ബഹു. മുഖ്യമന്ത്രിക്ക് നല്‍കിയ നിവേദനത്തിന്മേല്‍ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് സ്ഥലം എം.എല്‍.എ. യുടെ ചീ.257/ജഗഏ/ഗഘങ/2012, തീയതി 18.08.2012 എന്ന കത്തിന്‍മേല്‍ നാളിതുവരെ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി–കോഴിക്കോട് ജില്ല – പരിഹരിക്കാൻ ബാക്കിയുള്ളവ</u>

7 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കോഴിക്കോട് ജില്ലയിൽനിന്നും ലഭിച്ച പരാതികളിൽ എത്ര എണ്ണം പരിഹരിക്കുവാൻ ബാക്കിയുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഓരോ വകുപ്പിലും ബാക്കിയുള്ള പരാതികളുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി - ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി</u>

8 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പരാതികളിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികളിൽ കൂടുതലും ഏത് വിധത്തിലുള്ളതാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പരിഹരിക്കാൻ കഴിയുന്ന ഇത്തരം പരാതികൾ നേരിട്ട് സ്വീകരിക്കാൻ മുഖ്യമന്ത്രി ജനങ്ങളുടെ മുന്നിലെത്തുന്നത് ഭരണപരമായ വീഴ്ചയാണെന്നുകണ്ട് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മ പരിപാടി</u>

9 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടി പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രഖ്യാപിച്ച പലപരിപാടികളും നടപ്പിലാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പാക്കുന്നത്</u>

10 ശ്രീ.സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) നിയമം നടപ്പിലാക്കിയ വകുപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) നിയമത്തിൽ അനുശാസിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലും നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഈ പരിപാടി സമയബന്ധിതമായി പൂർത്തിയാക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പാക്കുന്നതിന് നടപടി</u>

11 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ഗവൺമെന്റ് വകുപ്പുകളിൽ പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ വകുപ്പുകളിലും സേവനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

12 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനവകാശ നിയമം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിൽ ഇനിയും വിജയം വരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണോ;

(ബി) സർക്കാർ പ്രഖ്യാപിച്ചെങ്കിലും വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ വിമുഖത കാണിക്കുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സേവനവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം

13 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനെ സേവനാവകാശ നിയമപരിധിയിൽ നിന്നൊഴിവാക്കിയതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ സമയബന്ധിതമായി സേവനാവകാശ നിയമം ബാധകമാക്കുവാൻ തയ്യാറാകുമോ;

(സി) സെക്രട്ടേറിയറ്റിൽ നിലനിൽക്കുന്നതായ ഫയൽ നടപടിക്രമങ്ങളുടെ കാലവിളംബം ഒരു പരിധിവരെ സേവനാവകാശ നിയമം നടപ്പിലാക്കുന്നതോടെ പരിഹാര്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലായെങ്കിൽ അത്തരമൊരു വിലയിരുത്തൽ നടത്തി സെക്രട്ടേറിയറ്റിൽ ഈ നിയമം നടപ്പിലാക്കി മാതൃക കാട്ടാൻ തയ്യാറാകുമോ;

(ഇ) നിലവിൽ സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ ബാധകമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിരീക്ഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## സാമ്പത്തിക സെൻസസ്

14 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഒരു സാമ്പത്തിക സെൻസസ് നടന്നുവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക സെൻസസ് കേരളത്തിൽ കൃഷിയും കൃഷിക്കാരും ഇല്ലാതാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ജനസംഖ്യാ കണക്കെടുപ്പിൽ സംസ്ഥാനത്ത് കർഷകരും കർഷക തൊഴിലാളികളും കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കാർഷിക തോട്ടവിളകൾ ഉൾപ്പെടെയുള്ളവയെ കാർഷിക സംരംഭത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും കർഷകരെയും കർഷക ഗ്രൂപ്പുകളെയും സെൻസസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

**പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിന് ചെലവായ തുക**

15 ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. എം.പി. വിൻസെന്റ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ഈ സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടെലിഫോൺ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിന് എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്നും ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകൾ</u>

16 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണയാണ് ഓരോ മന്ത്രിമാരും വിദേശയാത്രകൾ നടത്തിയിട്ടുള്ളതെന്നു വിവരം നൽകുമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിലേക്ക് ഏതെല്ലാം മന്ത്രിമാരാണ് യാത്ര നടത്തിയിട്ടുള്ളത്;

(സി) യാത്രയുടെ വിശദാംശം നൽകുമോ;

(ഡി) ഇതിലേക്കായി സംസ്ഥാന ഖജനാവിൽ നിന്ന് ചെലവായ തുകയുടെ വിശദാംശം നൽകുമോ;

(ഇ) ഇവയിൽ ഔദ്യോഗിക യാത്രകളുടേയും അനൗദ്യോഗിക യാത്രകളുടേയും വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഓഫീസ്/വസതി എന്നിവയ്ക്കുവേണ്ടിയുള്ള ചെലവ്</u>

17 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഓഫീസുകളും ഔദ്യോഗിക വസതികളും മോടിപിടിപ്പിക്കുന്നതിന് ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിലെ ഏതെങ്കിലും മന്ത്രി വാടകവീട്ടിൽ താമസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വാടക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്ര</u>

18 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതു വരെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും എത്ര തവണ ഏതെല്ലാം വിദേശരാജ്യങ്ങളിൽ സർക്കാർ ചെലവിൽ സന്ദർശനം നടത്തുകയുണ്ടായി എന്നും ആയതിന്റെ ഫലമായി എന്ത് തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതിയോടെ മറ്റുള്ളവരുടെ ചെലവിൽ സംസ്ഥാന മന്ത്രിസഭയിലെ എത്ര മന്ത്രിമാർ ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിച്ചു എന്നും ആരുടെയെല്ലാം സ്പോൺസർഷിപ്പ് മുഖേനയാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്രസർക്കാരിന്റെ അനുമതി ഏതെല്ലാം മന്ത്രിമാരുടെ വിദേശയാത്രകൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ അനുമതി തേടാതെയും അനുമതി ലഭിക്കാതെയും വിദേശരാജ്യങ്ങൾ സന്ദർശിച്ച മന്ത്രിമാർ ആരൊക്കെയെന്നും ഏതൊക്കെ വിദേശരാജ്യങ്ങളാണ് സന്ദർശിച്ചതെന്നും വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

(ഇ) ഈ സർക്കാർ വന്നശേഷം മന്ത്രിമാരോടൊപ്പം വിദേശ യാത്ര നടത്തിയ ഐ.എ.എസ്., ഐ.പി.എസ്. ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഏതെല്ലാം യാത്രകളിൽ എന്നും ഇതിനായി ഓരോ യാത്രയിലും ഇവർക്ക് സർക്കാർ ഖജനാവിൽനിന്നും ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ;

(എഫ്) മന്ത്രിമാരോടൊപ്പമല്ലാതെ ഈ കാലയളവിനുള്ളിൽ ഇതേവരെ എത്ര വിദേശയാത്രകൾ സംസ്ഥാനത്തെ ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ട്; ഇതിനായി എന്തുതുക സർക്കാർ ഖജനാവിൽനിന്നും ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കാൻ ചെലവായ തുക</u>

19 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ ക്ലിഫ് ഹൗസ് ഉൾപ്പെടെയുള്ള മന്ത്രിമന്ദിരങ്ങൾ മോടി പിടിപ്പിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര മന്ത്രിമാർ വിദേശയാത്ര നടത്തുകയുണ്ടായി എന്നും അതിനായി എത്ര രൂപ സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ചു എന്നും വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയുടേതുൾപ്പെടെയുള്ള മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളുടെ ശമ്പളം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകിയയിനത്തിൽ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചു എന്നും ഓരോ മന്ത്രിമാരുടെയും സ്റ്റാഫംഗങ്ങളുടെയും ചെലവ് എത്രയെന്നും വിവരം പ്രത്യേകം പ്രത്യേകം നൽകാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമാർക്കും വകുപ്പുദ്യോഗസ്ഥൻമാർക്കും എതിരെയുള്ള അഴിമതി ആരോപണങ്ങൾ</u>

20 ഡോ.കെ. ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഏതെല്ലാം മന്ത്രിമാർക്കും വകുപ്പു ഉദ്യോഗസ്ഥൻമാർക്കും എതിരെ എന്തെല്ലാം നിലയിലുള്ള അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച ആക്ഷേപവും ആരോപണങ്ങളും നിയമസഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ബി) നിയമസഭയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളും ക്രമക്കേടുകളും സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇവയിൽ ഏതെല്ലാം കേസുകളിൽ സർക്കാർ അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായി എന്നും അവയിൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തിയവ ഏതെല്ലാം എന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർ ചായസൽക്കാര ഇനത്തിൽ ചെലവാക്കിയ തുക</u>

21

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ചായ സൽക്കാരത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിയും ചെലവഴിച്ച തുക വേർതിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമാർ കൈപ്പറ്റിയ യാത്രാപ്പടി</u>

22 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും യാത്രാപ്പടി ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിയും കൈപ്പറ്റിയ തുക പ്രത്യേകം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർ എം.എൽ.എ. മാർക്ക് പാരിതോഷികം നൽകിയ ഇനത്തിൽ ചെലവായ തുക</u>

23 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ചെലവിൽ വിവിധ മന്ത്രിമാർ എം.എൽ.എ. മാർക്ക് പാരിതോഷികം നൽകിയതിനുവേണ്ടി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വിവിധ മന്ത്രിമാർ ചെലവഴിച്ച തുക വെവ്വേറെ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

സര്‍ക്കാര്‍ ആവശ്യത്തിനെടുത്ത സ്വകാര്യവാഹനങ്ങളുടെ വിവരം

24 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം സര്‍ക്കാര്‍ ആവശ്യങ്ങള്‍ക്കായി സ്വകാര്യവാഹനങ്ങള്‍ ഏതെല്ലാം വകുപ്പുകളാണ് വാടകയ്ക്ക് എടുത്തതെന്ന് വിശദമാക്കുമോ;

(ബി) ഇതില്‍ ടാക്സി പെര്‍മിറ്റ് ഇല്ലാത്ത വാഹനങ്ങള്‍ ഉണ്ടെങ്കില്‍ അവ ഉപയോഗിച്ച വകുപ്പും വാഹന നമ്പറും വ്യക്തമാക്കുമോ;

(സി) ടാക്സി പെര്‍മിറ്റ് ഇല്ലാത്ത വാഹനങ്ങള്‍ സര്‍ക്കാര്‍ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുവാദം നല്‍കിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടെങ്കില്‍ ആയത് ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഓഫീസുകളില്‍ കരാര്‍ അടിസ്ഥാനത്തില്‍ ഓടുന്ന വാഹനങ്ങള്‍</u>

25

ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ജില്ലയില്‍ ഏതെല്ലാം സര്‍ക്കാര്‍ ഓഫീസുകളിലാണ് കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ഓടുന്ന ഓഫീസുകളില്‍ സ്ഥിരം ഡ്രൈവര്‍മാര്‍ നിലവിലുള്ള ഓഫീസുകള്‍ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ ഓടുന്ന വാഹനങ്ങള്‍ക്കായി എത്ര തുകയാണ് ഓരോ ഓഫീസില്‍ നിന്നും കഴിഞ്ഞ സാമ്പത്തിക വര്‍ഷം ചെലവഴിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>ദില്ലിയിലെ കേരളാഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

26 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദില്ലിയിലെ കേരളാഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഏജൻസിയാണ് നടത്തുന്നത് എന്നറിയിക്കാമോ;

(ബി) നിലവിലുള്ള രീതിയിൽ നിന്ന് എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ദില്ലി ട്രാവൻകൂർ ഹൗസിന്റെ നവീകരണം പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതു നീക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

**ഗുജറാത്ത് സർക്കാരിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

27 **ശ്രീ.കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് സർക്കാരിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രി ഗുജറാത്ത് മുഖ്യമന്ത്രിയുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മന്ത്രി ശ്രീ. ഷിബു ബേബി ജോൺ ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ. നരേന്ദ്രമോഡിയെ സന്ദർശിച്ചത് എപ്പോഴായിരുന്നു എന്ന് അറിയിക്കുമോ;

(ഡി) കേരള സർക്കാർ ഏതെങ്കിലും പദ്ധതിയ്ക്കായി ശ്രീ. നരേന്ദ്ര മോഡിയെ സന്ദർശിച്ച് ചർച്ച നടത്തുന്നതിനായി തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി</u>

28 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വികസനത്തിനായി നിയമിച്ച പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ എന്തു തുകയാണ് വേണ്ടി വരുന്നത് ;

(ബി) പ്രസ്തുത തുക എങ്ങനെയാണ് സ്വരൂപിക്കുന്നത് ;

(സി) സർക്കാർ ഇതിലേക്കായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുള്ളത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

ഡോ. പ്രഭാകരൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ

29 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ വികസന ശുപാർശ സമർപ്പിക്കാൻ നിയോഗിച്ചിരുന്ന ഡോ. പ്രഭാകരൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കാൻ എന്തുതുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ തുക ഏതുവിധത്തിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) എത്ര കാലത്തിനുള്ളിൽ ഈ പദ്ധതികൾ പൂർത്തിയാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാലപരിധി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന് മുമ്പിൽ പരിഗണിക്കപ്പെടാതെ കിടക്കുന്ന നിവേദനങ്ങൾ</u>

30 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിന്റെ മുമ്പാകെ നിവേദനങ്ങളോ പദ്ധതികളോ ആയി സമർപ്പിക്കപ്പെട്ട് എന്തെല്ലാം ആവശ്യങ്ങൾ ഇപ്പോഴും പരിഗണിക്കപ്പെടാതെ ബാക്കി നില്പുണ്ടെന്ന് സംസ്ഥാന വകുപ്പുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഓരോ വകുപ്പും കേന്ദ്രത്തിൽ നിന്നും പ്രസ്തുത ആവശ്യങ്ങൾ നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നുവോ എന്നറിയിക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള പുതിയ നിർദ്ദേശങ്ങൾ തയ്യാറാക്കപ്പെട്ട് വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; ഓരോ നിർദ്ദേശവും വഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സഹായം സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർ സാമുദായിക സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ്</u>

31

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർ സാമുദായിക സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടത്തിലെ ഭേദഗതി</u>

32

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമുദായ സംഘടനകളിൽ ഭാരവാഹിത്വം വഹിക്കുന്നതിന് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിൽ വരുത്തിയ ഭേദഗതി വിശദമാക്കാമോ;

(ബി) സർക്കാർ ജീവനക്കാർക്ക് ജാതിമതസംഘടനകളിൽ അംഗങ്ങളാകുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) സർക്കാർ ജീവനക്കാർ സാമൂഹിക, ശാസ്ത്ര, സാഹിത്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനിൽ ഭാരവാഹിത്വം വഹിക്കുന്നതിന് സർക്കാർ ജീവക്കാർക്ക് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

## സാമുദായിക സംഘടനാംഗങ്ങൾക്ക് നൽകിയ സ്ഥാനങ്ങൾ

33 ശ്രീ. എ.കെ. ബാലൻ
,, ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സാമുദായിക സംഘടനാംഗങ്ങൾക്ക് നൽകിയ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും സ്ഥാനങ്ങൾ രാജിവെച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമുദായിക പരിഗണനകൾ വെച്ചുകൊണ്ട് സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളിൽ അംഗങ്ങളെ നിയോഗിച്ചിട്ടുണ്ട് എന്നും അത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള രാജി അവയുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ;

(സി) സാമുദായിക സംഘടനകളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിക്കൊണ്ട് ഭരണരംഗത്ത് തീരുമാനങ്ങൾ എടുക്കേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ അതുവഴി ഇപ്പോൾ സർക്കാർ പ്രതിസന്ധി നേരിടുന്നുണ്ടോ എന്നും ഇതിൽനിന്നും കരകയറാൻ എന്തെല്ലാം നിലപാടും നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

**ഗവ. സെക്രട്ടേറിയറ്റിലെ തീർപ്പാക്കിയ ഫയലുകൾ നീക്കം ചെയ്യാൻ നടപടി**

34 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ, തീർപ്പു ഫയലുകളും, മറ്റു അനുബന്ധ രേഖകളും, മുൻ വർഷങ്ങളിലെ പേഴ്സണൽ രജിസ്റ്ററുകളും, സ്റ്റോക്ക് ഫയലുകളും മറ്റും യഥാസമയം റെക്കോഡ്സ് വിഭാഗത്തിൽ അയയ്ക്കാതെ വളരെക്കാലമായി പല ഭാഗത്തായി കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളും, ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് അവ അടിയന്തിരമായി റെക്കാഡ്സ് വിഭാഗത്തിൽ അയയ്ക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) വകുപ്പ് സെക്രട്ടറിമാർ മാസത്തിലൊരിക്കൽ സെക്ഷനുകൾ സന്ദർശിച്ച് സെക്ഷനുകൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാനും, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഫയൽ തീർപ്പാക്കൽ</u>

35 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഫയലുകൾ തീർപ്പ് കല്പ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്മേലുള്ള പുരോഗതി കൃത്യമായി വിലയിരുത്തുന്നതിന് സംവിധാനം നിലവിലുണ്ടോ ;

(സി) ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ രണ്ട് വർഷത്തിലധികമായി തീർപ്പ് കല്പ്പിക്കാത്ത ഫയലുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷൻ</u>

36 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനം

37 ശ്രീ. എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത വെബ്സൈറ്റ് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഏത് അടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കോൾ സെന്ററുകളുടെ പ്രവർത്തനം</u>

38 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കോൾസെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കോൾസെന്ററുകൾ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നവർക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഔദ്യോഗിക സൈറ്റുകളുടെ അപ്ഡേഷൻ</u>

39

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില വകുപ്പുകളുടെ ഔദ്യോഗിക സൈറ്റുകൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബിം വകുപ്പുകൾ കാലാകാലങ്ങളിൽ ഇറക്കുന്ന സർക്കുലർ/ഉത്തരവുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് വേണ്ട വിവരങ്ങൾ എന്നിവ യഥാസമയം ഔദ്യോഗിക സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ വകുപ്പുതല അനുബന്ധ വിവരങ്ങൾ യഥാസമയം ഔദ്യോഗിക സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഓൺ അറൈവൽ വിസ സമ്പ്രദായം</u>

40

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഏതെങ്കിലും വിമാനത്താവളങ്ങളിൽ ഓൺ അറൈവൽ വിസ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിൽ ഏതെല്ലാം വിമാനത്താവളങ്ങൾ അതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ കൂടി ഓൺ അറൈവൽ വിസ സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ ശുപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>തലസ്ഥാനത്ത് ഒരു 'മലബാർ ഹൗസ്'</u>

41 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്ക് എത്തിച്ചേരുന്ന അന്യജില്ലയിലെ ജനങ്ങൾക്ക് താമസിക്കുന്നതിന് സർക്കാർ തലത്തിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാനത്തെത്തുന്ന മലബാറിലെ ജനങ്ങൾക്ക് താമസിക്കുവാൻ ഒരു 'മലബാർ ഹൗസ്' തലസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>നൂറനാട് ലെപ്രസി സാനിട്ടോറിയം</u>

42 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ എത്ര ഏക്കർ സ്ഥലമാണ് ഐ.റ്റി.ബി.പി. ക്ക് കൈമാറുവാൻ തീരുമാനിച്ചിരിക്കുന്നത് ;

(ബി) ഐ.റ്റി.ബി.പി. ക്ക് കൈമാറുമ്പോൾ സർക്കാരുമായി ഉണ്ടാക്കിയിരിക്കുന്ന ധാരണകൾ എന്തൊക്കെ ;

(സി) ഐ.റ്റി.ബി.പി. യൂണിറ്റ് നിലവിൽ വന്നാൽ യൂണിറ്റിനു സമീപത്ത് സ്വകാര്യവ്യക്തികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പ്രത്യേക വ്യവസ്ഥകളോ അനുവാദമോ ആവശ്യമുണ്ടോ ;

(ഡി) പ്രസ്തുത വിഷയത്തിലെ പുതിയ കേന്ദ്ര നിയമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഐ.റ്റി.ബി.പി. യൂണിറ്റിന് ആവശ്യമായ സ്ഥലം കൈമാറുമ്പോൾ യൂണിറ്റിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഗുണകരമായി ഏതൊക്കെ പദ്ധതികളാണാരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

**സംസ്ഥാന സർവ്വീസിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അഖിലേന്ത്യാ സർവ്വീസിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

43

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സർവ്വീസിലെ എത്ര ഉന്നത ഉദ്യോഗസ്ഥർക്ക് അഖിലേന്ത്യാ സർവ്വീസിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ അഖിലേന്ത്യാ സർവ്വീസുകളിലേയ്ക്ക് ഇക്കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ;

(സി) അഖിലേന്ത്യാ സർവ്വീസിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചവരിൽ എത്രപേരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ആരുടെയെങ്കിലും പേരിലുള്ള വിജിലൻസ് കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ പിൻവലിക്കുകയോ തീർപ്പാക്കുകയോ ചെയ്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് ഐ. എ. എസ്. പദവി</u>

44 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഐ. എ. എസ്. പദവി കൺഫർ ചെയ്ത് നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലെ ജീവനക്കാരെയാണ് ഐ. എ. എസ്. പദവിയിലേക്ക് ഇത്തരത്തിൽ ഉയർത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ വിഭാഗത്തിലുംപെട്ട സർക്കാർ ജീവനക്കാർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഐ. എ. എസ്. കൺഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

**<u>അഖിലേന്ത്യാ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് നിയമനം</u>**

45 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വീസുകളിൽ നിന്നും പെൻഷൻ പറ്റിയ എത്ര ഉദ്യോഗസ്ഥർക്ക് ഈ സർക്കാരിന്റെ പുനർനിയമനമോ മറ്റുതരത്തിലുള്ള നിയമനമോ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ആർക്കെല്ലാമാണ് ഇത്തരത്തിൽ നിയമനം നൽകിയിട്ടുണ്ടെന്നുള്ളതു വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നിയമനം ലഭിച്ചിട്ടുള്ള ഓരോരുത്തർക്കും എന്തെല്ലാം ഔദ്യോഗിക സൗകര്യങ്ങളാണു ലഭ്യമാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്</u>

46 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ചാലക്കുടിയിൽ എം.എ.സി.റ്റി. കോടതി, സബ്ബ്കോടതി എന്നിവ അനുവദിയ്ക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പശ്ചിമഘട്ട മേഖലയിൽ നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ</u>

47 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടം ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയതിനാൽ ഈ മേഖലയിൽ നടത്താനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളെ ഇത് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാനുള്ള ശ്രമത്തെ പശ്ചിമഘട്ടം ലോക പൈതൃക പട്ടികയിൽ ഇടം നേടിയത് കൊണ്ട് പ്രതികൂലമായി ബാധിക്കുമോ; വ്യക്തമാക്കാമോ ;

(സി) പ്രതികൂലമായി ബാധിക്കുമെങ്കിൽ ഇത് തരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

പശ്ചിമഘട്ട സംരക്ഷണ പദ്ധതികൾ

48 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന് അന്താരാഷ്ട്ര ഹെറിറ്റേജ് പദവി ലഭിച്ചത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച് മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്, കസ്തൂരിരംഗൻ റിപ്പോർട്ട് എന്നിവയെക്കുറിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ ഏതെല്ലാം ശുപാർശകളാണ് സംസ്ഥാനത്തിന് സ്വീകരിക്കുവാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട്</u>

49 ശ്രീ. കെ. കെ. ജയചന്ദ്രൻ
' സാജു പോൾ
' കെ. കുഞ്ഞമ്മത് മാസ്റ്റർ
' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ സമിതി റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ സംസ്ഥാനത്തെത്തിയ കസ്തൂരിരംഗൻ കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചതായി അറിയാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ളവരിൽ നിന്നും പരാതി കേൾക്കുകയുണ്ടായി; ഏതെല്ലാം സ്ഥലങ്ങൾ കമ്മീഷൻ സന്ദർശനം നടത്തുകയുണ്ടായി;

(സി) ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന എന്തെങ്കിലും സംഗതികൾ സർക്കാർ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായോ;

(ഡി) കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് അറിയാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>മണ്ണ്, മണൽ, പാറ എന്നിവയുടെ ഖനനം മൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാത പഠനം</u>

50 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണും മണലും പാറയും ഖനനം ചെയ്യുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കരിന്റെയും നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം നേരിടുന്ന കടുത്ത വരൾച്ചയും കുടിവെളള ക്ഷാമവും കണക്കിലെടുത്ത് ഈ നിർദ്ദേസത്തിന്മേൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>പരിസ്ഥിതി ലോല മേഖലാ നിർണ്ണയം</u>

51 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല മേഖലാ നിർണ്ണയം സംബന്ധിച്ച് മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെയും കസ്തുരിരംഗൻ കമ്മിറ്റിയുടെയും റിപ്പോർട്ടിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കരമനയാറിന്റെ ശുചീകരണവും സംരക്ഷണവും</u>

52 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം പരശുരാമക്ഷേത്രത്തിനു സമീപത്തുള്ള ഭാഗത്ത് നീന്തൽ പരിശീലനത്തിനിറങ്ങിയ 26 കുട്ടികൾ എലിപനി ബാധിച്ച് വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടതും, അതിൽ ഒരു കുട്ടി മരിക്കാനിടയായതും കരമനയാർ മാരകമായ രീതിയിൽ മലീമസമാക്കപ്പെട്ടതു കൊണ്ടാണെന്നുള്ള കാര്യം സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കരമനയാറിനെ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നാളിതുവരെ പരിസ്ഥിതി വകുപ്പു കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

കരമനയാറില്‍ മത്സ്യങ്ങള്‍ ചത്തുപൊങ്ങിയതു സംബന്ധിച്ച് അന്വേഷണം

53 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരമനയാറില്‍ തിരുവല്ലം ഭാഗത്ത് മത്സ്യങ്ങള്‍ ചത്തു പൊങ്ങിയതു സംബന്ധിച്ച് സംസ്ഥാന പരിസ്ഥിതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>വിമുക്ത അർദ്ധ സൈനിക സേനാംഗങ്ങളുടെ ആനുകൂല്യം</u>

54 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2012 നവംബർ 23ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എഫ്-ൽ നിന്നും മറ്റ് കേന്ദ്ര അർദ്ധ സൈനിക സേനകളിൽ നിന്നും സേവന വിമുക്തരായ ആളുകളുടെ പുനരധിവാസം ലക്ഷ്യമാക്കി വിമുക്ത പ്രതിരോധ സേനാംഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വിമുക്ത അർദ്ധ സൈനിക സേനാംഗങ്ങൾക്കും ബാധകമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

(ബി) സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീമിന്റെ ഡിസ്പെൻസറികൾ കോഴിക്കോട്, കോട്ടയം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ കൂടി ആരംഭിക്കുവാൻ ആവശ്യപ്പെടുമോ ;

(സി) ബി.എസ്.എഫ്. നടത്തുന്ന കാന്റീനുകൾ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കുന്ന എല്ലാ വസ്തുക്കൾക്കും പൂർണ്ണ നികുതി ഇളവ് നല്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

55 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പി.എസ്.സി റാങ്കു ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടിയിട്ടുള്ളത്;

(ബി) എത്ര പി.എസ്.സി റാങ്കുലിസ്റ്റുകളുടെ കാലാവധിയാണ് കഴിഞ്ഞിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പി.എസ്.സി. റാങ്കു ലിസ്റ്റുകളുടെ കാലാവധി നീട്ടിയതുമൂലം എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം</u>

56 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് എത്ര പി.എസ്.സി ലിസ്റ്റുകൾ നിലവിലുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ലിസ്റ്റുകളിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പട്ടികജാതി-വർഗ്ഗ വിഭാഗക്കാർക്കർഹമായ സംവരണ നിയമനങ്ങൾ നടത്തുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടുചെയ്യുവാനും അവ നികത്തുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

പി. എസ്. സി. വഴി നിയമനങ്ങൾ

57

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പി. എസ്. സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി. എസ്. സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

പി. എസ്.സി റാങ്ക്ലിസ്റ്റുകളുടെ കാലാവധി

58 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി. എസ്.സി റാങ്ക്ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് മൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഉദ്യോഗസ്ഥരിൽ നിന്നും വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റ്</u>

59 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി ഇപ്പോൾ എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റുകളും ഷോർട്ട് ലിസ്റ്റുകളുമാണ് നിലവിലുളളത്; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) 2012 മാർച്ച് മുതൽ 2013 മാർച്ച് 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

60 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തിയ വിവിധ പരീക്ഷകൾക്കുള്ള റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റ്, ഫോറസ്റ്റർ, കമ്പനി/കോർപ്പറേഷനുകൾ എന്നിവയിലെ ലാസ്റ്റ് ഗ്രേഡ് സർവെന്റ്സ് എന്നിവയുടെ ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിലവിലെ ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന പ്രവണത പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്ക് ആശങ്കയുണ്ടാക്കുന്നതിനാൽ റാങ്ക് പട്ടികകൾ വേഗത്തിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ലോവര്‍ പ്രൈമറി സ്കൂള്‍ അസിസ്റ്റന്റ് നിയമനം

61 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ ലോവര്‍ പ്രൈമറി സ്കൂള്‍ അസിസ്റ്റന്റ് നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കില്‍ കഴിഞ്ഞ അധ്യയനവര്‍ഷം പ്രസ്തുത തസ്തികയില്‍ എത്ര നിയമനശുപാര്‍ശകള്‍ നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയില്‍ നിരവധി ഒഴിവുകളുണ്ടായിട്ടും കഴിഞ്ഞ ഒമ്പത് മാസമായി നിയമന ശുപാര്‍ശ നല്‍കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിൽ പി.എസ്.സി. മുഖേന നിയമനം നൽകിയ തസ്തികകൾ</u>

62

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എറണാകുളം ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് രേഖാമൂലം വ്യക്തമാക്കുമോ;

(ബി) പി.എസ്.സി.യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം വൈകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

63 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ, ഏതെല്ലാം തസ്തികകളിൽ റാങ്ക്ലിസ്റ്റുകൾ നിലനിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പല വകുപ്പുകളിലും ലഭ്യമായ ഒഴിവുകൾ യഥാസമയം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) 2013 കലണ്ടർ വർഷത്തിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന വകുപ്പ് തിരിച്ച്, തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ എത്ര ഒഴിവുകൾ ഓപ്പൺ വേക്കൻസിയായി ലഭ്യമായിട്ടുണ്ട് എന്നും അത് ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികയിൽ എന്നതും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ലഭ്യമായിട്ടുള്ള പ്രസ്തുത ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിക്കാവുന്ന തരത്തിൽ ഏതെല്ലാം കാറ്റഗറി റാങ്ക്ലിസ്റ്റുകൾ നിലവിൽ ലഭ്യമാണ് എന്നത് വ്യക്തമാക്കാമോ;

(എഫ്) ലഭ്യമായിട്ടുള്ള പ്രസ്തുത റാങ്ക്ലിസ്റ്റുകളിൽ നിന്ന് സമയബന്ധിതമായി നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്നത് വ്യക്തമാക്കാമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മെയ് മുതൽ മാർച്ച് 2013 വരെ എത്രപേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

(എച്ച്) 2006 മെയ് മുതൽ 2011 ഏപ്രിൽ വരെയുളള കാലയളവിൽ ഓരോ വർഷവും പി.എസ്.സി. വഴി എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി</u>

64 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൽ ഉൾപ്പെടെ ഒഴിവുവരുന്ന തസ്തികകൾ ജൂൺ ഒന്നിനു മുൻപ് ബന്ധപ്പെട്ട ഭരണവകുപ്പിലും പി.എസ്.സി. യിലും അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിയമനാധികാരികൾ പ്രസ്തുത നിർദ്ദേശം കർശനമായി പാലിച്ചു എന്ന് ഉറപ്പുണ്ടോ;

(സി) ഓരോ വകുപ്പിലും റിട്ടയർമെന്റ്, പ്രമോഷൻ, തസ്തിക സൃഷ്ടിക്കൽ, ഡെപ്യൂട്ടേഷൻ, നോൺജോയിനിംഗ് തുടങ്ങിയവവഴി വരുന്ന ഒഴിവ് കണക്കാക്കി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) നാളിതുവരെ ബന്ധപ്പെട്ട സർക്കുലറിന്റെയടിസ്ഥാനത്തിൽ ഒഴിവുകൾ പൂർണമായും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിയമന അധികാരികൾ ആരൊക്കെയാണ് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## പി.എസ്.സി റാങ്ക് ലിസ്റ്റ്-യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം

65 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിക്കൊണ്ടിരിക്കേ, യോഗ്യതാ മാനദണ്ഡങ്ങൾ മാറ്റം വരുത്തി അതേ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ പുതിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ പി.എസ്.സി ക്ക് അധികാരമുണ്ടോ;

(ബി) ഇത്തരത്തിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയുടെ 30.04.08-ലെ നോട്ടിഫിക്കേഷൻ (കാറ്റഗറി നമ്പർ 177/08) പ്രകാരം പൂർണ്ണ യോഗ്യതയുണ്ടെന്ന് പി.എസ്.സി ഉറപ്പുവരുത്തി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയ എത്ര ഉദ്യോഗാർത്ഥികളെയാണ്, പുതുക്കിയ മാനദണ്ഡത്തിന്റെയടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഒരേ യോഗ്യതയുള്ള കുറച്ചുപേർക്ക് നിയമനം നൽകുകയും, അതേ യോഗ്യതയുടെ പേരിൽ പിന്നീട് പുതുതായി ഉണ്ടാക്കിയ മാനദണ്ഡത്തിന്റെയടിസ്ഥാനത്തിൽ കുറച്ച് ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം, മാനദണ്ഡത്തിൽ മാറ്റം വരുത്തി, ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്; ഈ നടപടിക്ക് സാധുതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി നിയമനങ്ങളിൽ ഒഴിവാക്കപ്പെട്ട അതേ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ എയ്ഡഡ് സ്കൂളുകളിൽ ഇതേ തസ്തികയിൽ നിയമിക്കുന്നതും അവർക്ക് ശമ്പളം ലഭിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഒരേ യോഗ്യതയുള്ളവരെ പി.എസ്.സി നിയമനങ്ങളിൽ നിന്നു മാത്രം മാറ്റി നിർത്തുന്ന നടപടി പുനഃപരിശോധിക്കാനും

ഇങ്ങനെ ഒഴിവാക്കപ്പെട്ടവർക്ക് നിയമനം ലഭിക്കുമായിരുന്നുവെങ്കിൽ നിയമനം നൽകാനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) എച്ച്. എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിൽ ഫിസിക്സ്/ കെമിസ്ട്രി ബിരുദധാരികൾക്ക് (സബ്സിഡിയറി ഏതെന്ന് പരിഗണിക്കാതെ) 19.6.12-നു ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും, അതിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ വിഷയത്തിൽ ഇത്തരത്തിൽ വിവേചനങ്ങൾ നില നിൽക്കുന്നെങ്കിൽ അത് പരിഹരിക്കുന്നതിനും, 2008-ലെ നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും, പിന്നീട് പി.എസ്.സി സ്വയം വരുത്തിയ യോഗ്യതാ മാനദണ്ഡ മാറ്റം മൂലം ഒഴിവാക്കപ്പെടുന്നവരുമായ ഉദ്യോഗാർത്ഥികൾക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി മസ്ദൂർ പി.എസ്.സി റാങ്ക് ലിസ്റ്റ്</u>

66 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി പതിനാല് ജില്ലകളിൽ നടത്തിയ മസ്ദൂർ തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും നിലവിൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള മസ്ദൂർ ഒഴിവുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മസ്ദൂർ റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മസ്ദൂർ തസ്തികയുടെ 'കട്ട് ഓഫ് മാർക്ക്' ജില്ല തിരിച്ച് വ്യക്തമാക്കുമോ

(ഇ) മസ്ദൂർ തസ്തികയിൽ ഏതെല്ലാം ജില്ലകളിലെ റാങ്ക് ലിസ്റ്റുകളാണ് ഇനി പ്രസിദ്ധീകരിക്കാനുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ഭക്ഷ്യ സുരക്ഷാ വകുപ്പ് അനലിറ്റിക്കൽ ലാബിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഒഴിവുകൾ

67 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ അനലിറ്റിക്കൽ ലാബിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ട്;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനത്തിനായി ശുപാർശ നൽകി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പി. എസ്.സി മുഖേനയുള്ള നിയമനങ്ങൾ</u>

68 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പി. എസ്. സി മുഖേന എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഗണിതശാസ്ത്രം ഒഴിവുകൾ</u>

69 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് ഏറ്റവും ഒടുവിൽ പി.എസ്.സി. അഡ്വൈസ് നടത്തിയത് എന്നാണ്; പ്രസ്തുത നിയമനത്തിന്റെ റൊട്ടേഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമനങ്ങളിലെ നിരോധനം</u>

70 ശ്രീ. സി.എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലും എന്തെങ്കിലും നിരോധനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രചാരണങ്ങളെ ചെറുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പി, എസ്.സി യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ</u>

71 ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' വർക്കല കഹാർ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു മുഖേന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത്;

(ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ;

(സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് അവബോധം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പി.എസ്.സി. നിയമനങ്ങളിലെ വെയിറ്റേജ് മാർക്ക്</u>

72 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ അതാത് ജില്ലക്കാർക്ക് നൽകുന്ന വെയിറ്റേജ് മാർക്ക് നിലവിൽ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - II റാങ്ക് ലിസ്റ്റിന്റെ വിശദവിവരം</u>

73 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - II തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ ഈ ലിസ്റ്റിൽ നിന്നും ഓരോ വിഭാഗത്തിലും ഏതു റാങ്കുവരെയുള്ളവർക്ക് നിയമനത്തിനായി അഡ്വൈസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഫിസിക്കലി ഹാന്റി കാപ്ഡ്, ബ്ലൈന്റ് വിഭാഗത്തിൽപെട്ട ഏത് റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് നൽകി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## പുതിയ തസ്തികകളും ഒഴിവാക്കിയ തസ്തികകളും

74

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് രേഖാമൂലം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് രേഖാമൂലം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച തസ്തികകൾ</u>

75 ശ്രീ.സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിൽ നിലവിലുള്ള തസ്തികകൾ ഇല്ലാതാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പുതുതായി സൃഷ്ടിച്ച തസ്തികകൾ</u>

76 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വകുപ്പു തിരിച്ച് ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

2013 ജനുവരി 8 മുതൽ നടന്ന പണിമുടക്കിൽ പങ്കെടുത്ത വർക്കെതിരെയുള്ള നടപടി

77 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 8 മുതൽ നടന്ന പണിമുടക്കിനോടനുബന്ധിച്ച് ജീവനക്കാർക്കെതിരെ എത്ര കേസുകളാണ് എടുത്തിട്ടുള്ളത്;

(ബി) പണിമുടക്കിൽ പങ്കെടുത്തവർക്ക് ഡയസ്നോൺ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആകെ എത്ര പേർക്കാണ് ഡയസ്നോൺ നടപ്പിലാക്കിയതെന്നു വ്യക്തമാക്കുമോ;

(ഡി) പണിമുടക്കിയ എത്ര ജീവനക്കാരെയാണ് സ്ഥലം മാറ്റിയിട്ടുള്ളത്;

(ഇ) എത്ര പേരെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്; കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) സസ്പെൻഷനിലായ ജീവനക്കാരിൽ എത്ര പേരെയാണ് ഇതിനകം തിരിച്ചെടുത്തിട്ടുള്ളത്;

(ജി) ഇനി എത്ര പേരാണ് സർവ്വീസിൽ തിരിച്ചെടുക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പൊതുപണിമുടക്കിൽ പങ്കെടുത്തവർക്കെതിരെ നടപടി</u>

78 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ ജീവനക്കാരുടെ പണിമുടക്കിൽ പങ്കെടുത്ത എത്ര ഉദ്യോഗസ്ഥർ ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നുവെന്നും ഇവർ ആരൊക്കെയാണെന്നും ഏതൊക്കെ വകുപ്പിൽ നിന്നുള്ളവരാണെന്നും വ്യക്തമാക്കാമോ;

(ബി) ഇവരുടെ സസ്പെൻഷൻ പിൻവലിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(സി) സസ്പെൻഷനിൽ തുടരുന്ന ജീവനക്കാർക്ക് സബ്സിസ്റ്റൻസ് അലവൻസ് നാളിതുവരെ കൊടുക്കാതിരിക്കാൻ ആധാരമായ നിയമങ്ങളും ചട്ടങ്ങളും വിവരിക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>അരൂരിൽ പള്ളി നിർമ്മാണത്തിനിടയിൽ തകർച്ച സംഭവിച്ച് മരണപ്പെട്ടവർക്കും പരിക്കുപറ്റിയവർക്കുമുളള ധനസഹായം ലഭ്യമാക്കാൻ നടപടി</u>

79

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂരിൽ പളളി നിർമ്മാണത്തിനിടയിൽ തകർച്ച സംഭവിച്ച് എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(ബി) മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്ക് പറ്റിയവർക്ക് ചികിത്സാ സഹായവും സംബന്ധിച്ച് അരൂർ എം. എൽ. എ. നൽകിയ സബ്മിഷന് മറുപടിയായി മരിച്ചവർക്ക് 2 ലക്ഷം രൂപവീതവും പരിക്ക് പറ്റിയവർക്ക് ഹോസ്പിറ്റൽ ബിൽ പ്രകാരമുളള ചികിത്സാ ചെലവും നൽകുമെന്ന ഉറപ്പ് പാലിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലാ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പുറത്ത് വന്ന ഉത്തരവിലെ അപാകതകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ദുരിതാശ്വാസനിധിയിൽ നിന്നും ചികിൽസാ സഹായം

80

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ചികിൽസാ സഹായങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ സമയപരിധി നിശ്ചയിക്കുകയും വിതരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

81 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായമായും, അപകടമരണത്തിൽപെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായമായും ഇതിനകം എന്തു തുകയാണ് അനുവദിച്ചത്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാനിധിയിൽ നിന്നും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എത്ര പേർക്ക് ധനസഹായം അനുവദിക്കുകയുണ്ടായി; എത്ര രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്; ധനസഹായം ലഭിച്ചവരുടെ പേരും വിലാസവും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

82 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീധരനുണ്ണിത്താൻ, പടീറ്റതിൽ ഹൗസ്, നെടുകുളത്തി, നടുവിലേമുറി, നൂറനാട്, മാവേലിക്കര എന്ന വ്യക്തിയുടെ ധനസഹായത്തിനുള്ള അപേക്ഷ (10902/DRF/CM/2011) യിന്മേൽ നാളിതുവരെ സഹായധനം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ സഹായനിധി</u>

83 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ സഹായനിധിയിൽ നിന്നും എത്രപേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ലിസ്റ്റ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ എൻഡോസൽഫാൻ ദുരിത ബാധിതർക്കുള്ള സഹായം

84

### ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൽഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ കാസറഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുളളത്;

(ബി) ദുരിത ബാധിതമായി പ്രഖ്യാപിച്ചിട്ടുളള പഞ്ചായത്തുകളിൽ ഉൾപ്പെട്ടവർക്ക് പുറമെ, സഹായമർഹിക്കുന്ന എന്റോസൽഫാൻ ഭുരിത ബാധിതർ ജില്ലയിലെ മറ്റു പഞ്ചായത്തുകളിലും ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവരെകൂടി സഹായമർഹിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സഹായം നല്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്

85 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരന്ത പരിഹാരവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി പാക്കേജ് തയാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ പാക്കേജിൽ എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പാക്കേജിനായി കേന്ദ്ര സർക്കാരിന്റെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലുള്ള സഹായമാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും അത് എങ്ങനെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(ഡി) സംസ്ഥാനം ഈ പാക്കേജിൽ വഹിക്കുന്ന പങ്കാളിത്തം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ഇ) ഇതിനായി 2013-14 വർഷത്തേക്ക് നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്ന തുക ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം</u>

86 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര അർബുദരോഗികളാണുള്ളത്; അവർക്ക് ധനസഹായമായി എത്ര രൂപ വീതമാണ് നൽകിയത്;

(സി) എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ ചെലവുകൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എൻഡോസൾഫാൻ ബാധിതരായ രോഗികളെ ചികിത്സിക്കുന്നതിനായി ഒരു അത്യാധുനിക ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>നദീജലത്തർക്കം സംബന്ധിച്ച വിവരങ്ങൾ ചോർത്തിയ വിഷയത്തിൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട്</u>

87

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

നദീജലത്തർക്കം സംബന്ധിച്ച വിവരങ്ങൾ തമിഴ്നാടിന് ചോർത്തിയ വിഷയത്തിൽ പ്രധാന പത്രങ്ങൾക്കെതിരായ ഇന്റലിജൻസ് റിപ്പോർട്ടിനെക്കുറിച്ചുള്ള ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും, പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>പറമ്പിക്കുളം – ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് നടപടി</u>

88 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–ആളിയാർ നദീജലകരാർ അനുസരിച്ച് ഈ വർഷം മാർച്ച് 31 വരെ എത്ര ടി.എം.സി. ജലമാണ് കേരളത്തിനു ലഭിക്കേണ്ടിയിരുന്നത്;

(ബി) കരാർ അനുസരിച്ചുള്ള ജലം അതത് സമയങ്ങളിൽ കേരളത്തിനു ലഭിച്ചിട്ടുണ്ടോ;

(സി) കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് തമിഴ്നാട് സർക്കാരിനെതിരെ സുപ്രീംകോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) അടുത്ത വർഷം കരാർ പ്രകാരമുള്ള ജലം സമയത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

നദീജല തർക്കങ്ങളും കരാറും സംബന്ധിച്ച രഹസ്യ രേഖകൾ ചോർത്തിയത്

89 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീജല തർക്കങ്ങളും കരാറും സംബന്ധിച്ച് രഹസ്യരേഖകൾ തമിഴ്നാട് ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങൾക്ക് ചോർത്തിക്കൊടുത്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണവും തുടർനടപടികളും വ്യക്തമാക്കുമോ ;

(സി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) ചില ദിനപ്പത്രങ്ങളെക്കൂടി കുറ്റക്കാരായി ചിത്രീകരിക്കുന്ന വിധം റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ ;

(ഇ) ഏതാനും പത്രമുടമകൾ ഇതു സംബന്ധിച്ച് സമർപ്പിച്ച പരാതിക്ക് പരിഹാരം ലഭ്യമാക്കിയോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>വനം വകുപ്പു മന്ത്രി രാജിവെച്ചപ്പോൾ കൈമാറിയ ഫയലുകൾ</u>

90 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. കെ. ബി. ഗണേഷ്കുമാർ മന്ത്രിസ്ഥാനം രാജിവെക്കുന്നതിന് മുമ്പായി തന്റെ പരിഗണനയ്ക്കുവന്ന എത്ര ഫയലുകളിൽ തിരുമാനം എടുക്കാതെ മുഖ്യമന്ത്രിയ്ക്ക് കൈമാറുകയുണ്ടായി;

(ബി) അവയിൽ ഇപ്പോഴും തീരുമാനം എടുക്കാതെ മുഖ്യമന്ത്രിയുടെ പരിഗണനയിലിരിക്കുന്ന ഫയലുകൾ എത്ര; അവ ഏതൊക്കെ വിഷയങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന് വിശദമാക്കാമോ;

(സി) മന്ത്രിയായിരുന്ന ശ്രീ. കെ. ബി. ഗണേഷ്കുമാർ രാജി വെച്ച ദിവസം വനം വകുപ്പിന്റെ എത്ര ഫയലുകളിൽ തിരുമാനം എടുക്കുകയുണ്ടായി; പ്രസ്തുത ഫയലുകളിലെ തീരുമാനങ്ങൾ ഗവ. ഉത്തരവായി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളവ ഏതൊക്കെ കേസുകളിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ഡാർക്ക് സ്കൈ പ്ലേ ആയി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

91

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്തെ ഡാർക്ക് സ്കൈ പ്ലേ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളെ ഡാർക്ക് സ്കൈ പ്ലേ ആയി നിശ്ചയിക്കുന്നതിന് അവലംബിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) കേരളത്തിൽ സൈലന്റ് വാലി, പെരിയാർ ടൈഗർ റിസർവ്വ് എന്നിവയെ ഡാർക്ക് സ്കൈ പ്ലേ ആക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി പാട്ടകരാർ വ്യവസ്ഥകൾ ലംഘിച്ച</u>
<u>തോട്ടങ്ങളുടെ വിശദാംശം</u>

92 ശ്രീ. ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘിച്ച് തോട്ടങ്ങൾ കൈവശംവെച്ച് വരുന്നവർക്കെതിരെ ഫലപ്രദമായി നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വനം വകുപ്പ് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനുശേഷം പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്ന നടപടികളിലുണ്ടായ പുരോഗതിയും നേട്ടങ്ങളും വിശദമാക്കാമോ; മുഖ്യമന്ത്രി യോഗം വിളിച്ച് ചേർത്ത് വിലയിരുത്തുകയുണ്ടായോ; തോട്ടം ഉടമകളുടെ പ്രതിനിധിയായി ഗവൺമെന്റ് ചീഫ് വിപ്പിനെ പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കുകയുണ്ടായോ;

(സി) നെല്ലിയാമ്പതിയിൽ പാട്ടകരാർ വ്യവസ്ഥകൾ ലംഘിച്ച തോട്ടങ്ങൾ ഏതൊക്കെയാണ്; അവ എത്ര ഏക്കർ വീതമാണ്; അവയിൽ പൂർണ്ണമായും സർക്കാരിന്റെ അധീനതയിൽ വന്നിട്ടുളളവ എത്രയാണ്; വിശദാംശം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>തോട്ടങ്ങൾ ഏറ്റെടുത്തതിന്റെ വിശദാംശം</u>

93 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങളാണ് സംസ്ഥാനത്തുളളത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനം വകുപ്പ് എത്ര തോട്ടങ്ങൾ ഏറ്റെടുത്തിട്ടുണ്ട് ; ഏതെല്ലാം ജില്ലകളിൽ; വിശദമാക്കുമോ ;

(സി) ഇനി എത്ര തോട്ടങ്ങൾ ഏറ്റെടുക്കാനുണ്ട്; അതിനായി ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

**സര്‍ക്കാര്‍ അര്‍ദ്ധ സര്‍ക്കാര്‍ സ്ഥാപനങ്ങളുടെ കോമ്പൗണ്ടില്‍ വൃക്ഷത്തൈകള്‍ വച്ച് പിടിപ്പിക്കുന്നതിന് പദ്ധതി**

94 ശ്രീ. വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

നഗര പ്രദേശങ്ങളിലെ ഓഫീസുകള്‍, സ്ക്കൂളുകള്‍ മറ്റ് സര്‍ക്കാര്‍-അര്‍ദ്ധ സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ എന്നിവയുടെ കോമ്പൗണ്ടില്‍ നാടന്‍ മരങ്ങള്‍ ആയ മാവ്, പ്ലാവ്, പുളി, ആഞ്ഞില്‍, വേപ്പ് തുടങ്ങിയവ വച്ച് പിടിപ്പിക്കുകയും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മേല്‍നോട്ടത്തില്‍ സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള ഒരു പദ്ധതി വനം വകുപ്പ് തയ്യാറാക്കി നടപ്പാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>വാഴക്കോട് ജംഗ്ഷനിൽ വനം വകുപ്പിന്റെ ഭൂമി വിട്ടുനൽകാൻ നടപടി</u>

95 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ തൃശ്ശൂർ-ഷൊർണ്ണൂർ സ്റ്റേറ്റ് ഹൈവേയിൽ വാഴക്കോട് ജംഗ്ഷനിലെ കൊടും വളവ് മാറ്റിയെടുക്കുന്നതിന് വനം വകുപ്പിന്റെ കുറച്ച് ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടുകിട്ടണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തുടർച്ചയായി നടക്കുന്ന വാഹനാപകടങ്ങൾക്ക് ഏക പരിഹാരമായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വളരെ നാമമാത്രമായ ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം</u>

96 ശ്രീ. ജോസഫ് വാഴക്കൻ
'' എ. റ്റി ജോർജ്
'' കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്നുള്ള ഭൂപ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2013-ലെ മറുപടിക്ക്**

<u>പരിസ്ഥിതി ദുർബല മേഖലകൾ സംബന്ധിച്ച് വന്യജീവി ബോർഡിന്റെ നിർദ്ദേശം</u>

97 ശ്രീ.പി.കെ.ഗുരുദാസൻ
'' രാജു എബ്രഹാം
'' എസ്.രാജേന്ദ്രൻ
'' ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ദുർബ്ബല മേഖലകളിലെ ജനവാസ കേന്ദ്രങ്ങൾ സംബന്ധിച്ച് സംസ്ഥാന വന്യജീവി ബോർഡ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിശദമാക്കാമോ; ആയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പരിസ്ഥിതി ദുർബല പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വന്യമൃഗസങ്കേതങ്ങൾ ഏതൊക്കെ;

(സി) സംസ്ഥാന വന്യജീവി ബോർഡ് പുനഃസംഘടിപ്പിച്ചത് എപ്പോഴാണ്; അംഗങ്ങൾ ആരൊക്കെ; നിയമസഭയിലെ ഭരണ-പ്രതിപക്ഷ പ്രാതിനിധ്യത്തോടു കൂടിയതാണോ പ്രസ്തുത ബോർഡ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സംയുക്ത വനപരിപാലന പദ്ധതി</u>

98 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവുമായി ബന്ധപ്പെട്ട ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മരാധിഷ്ഠിത പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ</u>

99 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാധിഷ്ഠിത പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊലൃൂഷൻ കൺട്രോൾ ബോർഡിന്റെ നടപടിക്രമങ്ങൾ, എൻ.ഒ.സി, ലൈസൻസ് ഫീസ് ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്നിവ മൂലം ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നവർ കഷ്ടതകൾ സഹിക്കേണ്ടി വരുന്ന സാഹചര്യത്തിൽ വകുപ്പിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തയ്യാറാകുമോ ;

(സി) ഇത്തരം യൂണിറ്റുകൾക്ക് ആവശ്യമായ നാടൻ മരങ്ങൾക്ക് വിൽപന നികുതി ഇളവ് നൽകി തൊഴിൽ മേഖല നിലനിർത്തുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിലെ അപാകത

100 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

9.2.2012-ലെ ജി.ഒ. ആർ.റ്റി നമ്പർ 80/2012/എഫ്& ഡബ്ല്യു.എൽ.ഡി. പ്രകാരം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി മുപ്പതു പേർക്ക് ഉദ്യോഗകയറ്റം നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയും അവരിൽ 26-ാമത്തെ പേരുകാരൻ വരെയുള്ളവർക്കു മാത്രം നിയമനം നൽകുകയും 27 മുതൽ 30 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്കുകാരെ ഒഴിവാക്കി പ്രസ്തുത ഉത്തരവിൽ പേരുൾപ്പെട്ടിട്ടില്ലാത്ത ഒ.എൻ. സദാശിവൻ, റ്റി.ജി. മോഹനൻ, പി.എം. അബ്ദുൾ റസാഖ്, വി. ചന്ദ്രൻ എന്നിവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ചു കൊണ്ട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി പ്രൊമോഷൻ നൽകുകയും ചെയ്ത സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>താൽക്കാലിക വാച്ചർമാരുടെ ആനുകൂല്യങ്ങൾ</u>

101 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനംവകുപ്പിൽ താത്ക്കാലികമായി ജോലി ചെയ്തുവരുന്ന വാച്ചർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; ഏതൊക്കെ ഡിവിഷനുകളിൽ; വിശദമാക്കുമോ;

(ബി) താത്ക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) താത്ക്കാലിക വാച്ചർമാർക്ക് യൂണിഫോം, സ്ലീപ്പിങ് ബാഗ്, ടോർച്ച് എന്നിവ നല്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഡ്യൂട്ടി സമയത്ത് മരണപ്പെടുന്ന താത്ക്കാലിക വാച്ചർമാരുടെ ആശ്രിതർക്ക് സർക്കാർ സർവ്വീസിൽ ജോലി നല്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ഗോത്രവർഗ്ഗക്കാരെ വനം വാച്ചർമാരായി നിയമിക്കുന്ന നടപടി

102 ശ്രീ. പാലോട് രവി
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം മേഖലകളിൽ ഗോത്രവർഗ്ഗക്കാരെ വാച്ചർമാരായി നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ വനം കൊള്ളയും വന്യമൃഗവേട്ടയും കഞ്ചാവ് കൃഷിയും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയാൻ ഇത് എത്രമാത്രം ഉപകരിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട അന്നക്കുട്ടിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം</u>

103 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ – നീലിശ്വരം പഞ്ചായത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട ആലങ്ങാട്ടുകാരൻ ഔസേഫിന്റെ ഭാര്യ അന്നക്കുട്ടിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(ബി) നഷ്ടപരിഹാരം എന്ന് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ആനപ്പൂരങ്ങളുടെയും ആനയുടെ ആക്രമണങ്ങളിൽ
കൊല്ലപ്പെട്ടവരുടെയും വിശദാംശം

104 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി വകുപ്പിൽ നിന്നും അനുമതി തേടി നടത്തുന്ന ആനപ്പൂരങ്ങളുടെ വിവരവും അതിൽ പങ്കെടുക്കുന്ന ആനകളുടെ എണ്ണവും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് 2012ലും, 2013 നാളിതുവരെയും അനയിടഞ്ഞത് മൂലമുണ്ടായ ആക്രമണങ്ങളിൽ എത്ര പേർ മരണപ്പെട്ടു ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നാഷണൽ ഗെയിംസ് നടത്തുന്നത്</u>

105 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസ് എപ്പോഴാണ് സംസ്ഥാനത്ത് നടക്കുകയെന്ന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തൊക്കെ തയ്യാറെടുപ്പുകളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(സി) മത്സരങ്ങൾക്കായി ഏറ്റെടുത്ത് വികസിപ്പിക്കുന്ന സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും വികസന പ്രവർത്തനങ്ങൾ ഏതുവരെയായി എന്നും ഓരോന്നിനും ഇതേ വരെ എന്തു തുക ചെലവിട്ടു എന്നും വിശദമാക്കുമോ ;

(ഡി) സ്വകാര്യ സ്റ്റേഡിയങ്ങളേതെങ്കിലും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം നല്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>എസ്. എം. ഐ. എൽ. ഇ. പദ്ധതി</u>

106 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എം. ഐ. എൽ. ഇ. (സ്മൈൽ) പദ്ധതിയിലൂടെ നടപ്പ് വർഷം എത്ര രൂപയുടെ പ്രോജക്ടുകളാണ് നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ ;

(ബി) കാസർകോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്താക്കുമോ ;

(സി) പിന്നാക്ക പ്രദേശമായ മഞ്ചേശ്വരം മണ്ഡലത്തിൽ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെങ്കിലും പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>മുൻ കായിക താരങ്ങൾക്ക് ക്ഷേമനിധി</u>

107 ശ്രീ. ലൂഡി ലൂയിസ്
'' എം. പി. വിൻസെന്റ്
'' ആർ. സെൽവരാജ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ കായിക താരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ വിശദമാക്കുമോ;

(ബി) ക്ഷേമനിധി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ക്ഷേമനിധിയുടെ പ്രവർത്തനത്തിനുള്ള പണം എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പണംചിറയിലെ കളിസ്ഥലവും സ്റ്റേഡിയവും</u>

108 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് വക പണംചിറയിലുള്ള ഒരേക്കർ സ്ഥലത്ത് കളിസ്ഥലവും സ്റ്റേഡിയവും അനുവദിക്കുന്നതിനായി പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

109 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഇതിനകം നടന്ന പ്രവർത്തനങ്ങളും ബോർഡിന്റെ കാര്യാലയങ്ങളും അവയുടെ ചുമതലകൾ വഹിക്കുന്നവരേയും സംബന്ധിച്ച വിവരങ്ങളും നൽകുമോ;

(ബി) കലാകാര പെൻഷൻ ഇപ്പോൾ നൽകുന്നുണ്ടോ എങ്കിൽ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു കാലയളവ് വരെയെന്നും കുടിശ്ശിക തീർത്ത് എപ്പോൾ വിതരണം ചെയ്യുമെന്നും അറിയിക്കുമോ?